പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1973 *16.06.2014-ൽ* മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യുടെ മൾട്ടി ആക്സിൽ വാഹനമുപയോഗിച്ചുള്ള ഇന്റർസ്റ്റേറ്റ് സർവ്വീസ്

ചോദ്യം

ശ്രീ. സി. മോയിൻകുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നടത്തുന്ന, മൾട്ടി ആക്സിൽ വാഹനമുപയോഗിച്ചുള്ള ഇന്റർസ്റ്റേറ്റ് സർവ്വീസ് ലാഭകരമായിട്ടാണോ നടന്നുവരുന്നത് എന്ന് വെളിപ്പെടുത്താമോ; | (എ) | മൾട്ടി ആക്സിൽ ബസ്സുകൾ ഉപയോഗിച്ചുള്ള അന്തർ സംസ്ഥാന സർവ്വീസുകളോട് തുടക്കത്തിൽ ആശാവഹമായ താൽപര്യമാണ് യാത്രക്കാരിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഇതുവരെയുള്ള കണക്ക് പ്രകാരം ഇവ ലാഭകരമായാണ് നടക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള സർവ്വീസുകൾ എത്രയെണ്ണം കെ.എസ്.ആർ.ടി.സി. നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് എന്നും ഏതൊക്കെ റൂട്ടുകളിലാണെന്നും അറിയിക്കുമോ; | (ബി) | തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നീ യൂണിറ്റുകളിൽ നിന്നും തൃശ്ശൂർ - പാലക്കാട് - സേലം വഴി ബാംഗ്ലൂർക്ക് 2 ബസ്സുകൾ വീതം ഉപയോഗിച്ച് ഓരോ സർവ്വീസ് നടത്തി വരുന്നുണ്ട്. പുറമെ, സമ്മർ വെക്കേഷൻ പ്രത്യേക പെർമിറ്റ് ഉപയോഗിച്ച് തിരുവനന്തപുരത്ത് നിന്നും 2 ബസുകൾ ഉപയോഗിച്ച് ഒരു സർവ്വീസും, കോഴിക്കോട് നിന്നും ഒരു ബസ് ഉപയോഗിച്ച് ഒരു സർവ്വീസും സുൽത്താൻ ബത്തേരി - മൈസൂർ വഴി ബാംഗ്ലൂർക്ക് നടത്തി വരുന്നുണ്ട്. |
| (സി) | ഇതിൽ ഏറ്റവും ലാഭകരമായി നടന്നുവരുന്ന സർവ്വീസ് ഏതാണ്; | (സി) | മെയ് മാസം 16 മുതൽ 31 വരെയുള്ള കാലയളവിൽ ഓരോ സർവ്വീസിനും ലഭിച്ച ശരാശരി ദിവസ വരുമാനം ചുവടെ ചേർക്കുന്നു:<br>1. തിരുവനന്തപുരം - ബാംഗ്ലൂർ (സേലം വഴി) - ₹. 76182 |

| | | | |
|---|---|---|---|
| | | | 2. തിരുവനന്തപുരം - ബാംഗ്ലൂർ (കോഴിക്കോട് വഴി) - ₹. 73069<br>3. കോട്ടയം - ബാംഗ്ലൂർ (സേലം വഴി) - ₹. 65624<br>4. എറണാകുളം - ബാംഗ്ലൂർ (സേലം വഴി) - ₹. 64066<br>5. കോഴിക്കോട് - ബാംഗ്ലൂർ (മൈസൂർ വഴി) - ₹. 53010 |
| (ഡി) | ഇത്തരം സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സ്വകാര്യ ബസ്സ് ഓപ്പറേറ്റേഴ്സിൽ നിന്നും, കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്ന ഭീഷണി നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഇ) | ഒരു മൾട്ടി ഏക്സിൽ ബസ്സിന് നേരെ തൃശ്ശൂർ ഭാഗത്തുണ്ടായ കല്ലേറ് പോലീസിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ പ്രതികളെ തെരഞ്ഞുവരുന്നതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ